**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **23-08-2022 - ൽ മറുപടിയ്ക്ക്**

**കെ - ഫോൺ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കെ - ഫോൺ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കെ - ഫോൺ പദ്ധതി ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഒന്നാംഘട്ടം പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ കെ - ഫോൺ മുഖേന ഏതെല്ലാം മേഖലയിലാണ് നെറ്റ്‌വർക്ക് കണക്ഷൻ നൽകിയിട്ടുള്ളതെന്നും നെറ്റ്‌വർക്ക് സ്പീഡ് എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | കെ-ഫോൺ പദ്ധതി വഴി ഒന്നാം ഘട്ടത്തിൽ സർക്കാർ സ്ഥാപനങ്ങൾക്കും, ആശുപത്രികൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് നെറ്റ് കണക്ഷൻ നൽകുന്നത്. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിനും ആവശ്യകത അനുസരിച്ച് 10 Mbps മുതൽ 100 Mbps വരെ വ്യത്യസ്ത ബാൻഡ് വിഡ്ത്തിലാണ് കെ-ഫോൺ കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും നൂറു ബി.പി.എൽ. കുടുംബങ്ങൾക്ക് വീതം കെ ഫോൺ മുഖേന സൗജന്യ ഇൻറർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | കെ-ഫോൺ പദ്ധതി മുഖേന ആദ്യഘട്ടത്തിൽ ഓരോ നിയമസഭ മണ്ഡലത്തിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തിരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്ക് വീതം കണക്ഷനുകൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായുള്ള മാനദണ്ഡങ്ങൾ/ നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കെ - ഫോണിന്റെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയ്ക്കായി ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ? | (ഡി) | കെ-ഫോൺ പദ്ധതിയ്ക്ക് 1548.08 (നികുതികൾ പുറമെ) കോടി രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതിൽ കെ-ഫോൺ പദ്ധതിക്കായി വിവിധ ഇനങ്ങളിൽ 'കെ-ഫോൺ ലിമിറ്റഡ്' നാളിതുവരെ 476.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ